LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി-വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

373 (1063) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പു മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, ഓരോ പദ്ധതിയിലും അനുവദിച്ച തുക എന്നിവ വിശദമാക്കാമോ?

ഉത്തരം

ടൂറിസം വികസനത്തിനായി ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ ടെയിനിംഗ് അക്കാദമി തുടങ്ങുന്നതിനായി 2.75 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 1,37,50,000 രൂപ പദ്ധതി നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

ഭൂതത്താൻകെട്ട് ടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾക്കായി കൂടുതൽ സൗകര്യങ്ങൾ

374 (1064) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഭൂതത്താൻ കെട്ട് ടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശത്തെ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ടൂറിസം ഡിപ്പാർട്ട്മെന്റ് വഴി കൂടുതൽ പ്രചരണം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ടൂറിസത്തിന്റെ വലിയ സാദ്ധ്യതകൾ പരിഗണിച്ച് ഈ മേഖലയ്ക്കായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വകുപ്പിന്റെ വെബ്സൈറ്റ് വഴിയും പ്രസിദ്ധീകരണം വഴിയും പ്രചരണം നടന്നുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.